റൻഷാദ്, S/o. റസ്സാക്ക്, 6. ഫസലു @ ഫസലുദ്ദീൻ, S/o. സെയ്തുമുഹമ്മദ്, 7. സിദ്ദിഖ്, S/o. അബ്ദുള്ളക്കുട്ടി, 8. സൈനുൽ ആബിദ് @ ആബിദ്, S/o. സൈനുദ്ദീൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ആദ്യത്തെ 3 പ്രതികൾ കൂടിചേർന്നാണ് കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്തിട്ടുള്ളത്. 4 മുതൽ 8 വരെയുള്ള പ്രതികളാണ് കൊലപാതകം നടത്തിയ പ്രതികൾക്ക് സംഭവ സ്ഥലത്തുനിന്നും രക്ഷപ്പെടുന്നതിനും ഒളിവിൽ താമസിക്കുന്നതിനും തെളിവ് നശിപ്പിക്കുന്നതിനും സഹായികളായി പ്രവർത്തിച്ചിട്ടുള്ളത്. ഈ കേസിൽ ഇനി ആരെയും അറസ്റ്റ് ചെയ്യാൻ ബാക്കിയില്ല. കൊലപാതകവുമായി ബന്ധപ്പെട്ട് ഗൂഡാലോചന നടന്നതായി അന്വേഷണത്തിൽ വെളിവായിട്ടില്ല. ആയതിന്റെ പേരിൽ ആരെയും പ്രതിചേർക്കുകയോ അറസ്റ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിന് രജിസ്റ്റർചെയ്ത ചാവക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1264/15 കേസിന്റെ കുറ്റപത്രം ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) മാധ്യമ വാർത്തകളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

ജഡ്ജിക്കെതിരെ ഫേസ്ബുക്ക് പോസ്റ്റ്

278 (288) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫേസ് ബുക്കിൽ പോസ്റ്റ് ഇട്ടതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇപ്രകാരം സംസ്ഥാനത്തെ ഒരു ഹൈക്കോടതി ജഡ്ജിയെക്കുറിച്ച് 'ജഡ്ജിയുടെ ചരിത്രം പരിശോധിച്ചാൽ നീലച്ചായത്തിൽവീണ കുറുക്കന്റെ കഥപോലെയാകുമെന്നുള്ള' പ്രസ്താവന നടത്തിയ മന്ത്രിക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ജഡ്ജിക്കെതിരെ ഇത്തരം പ്രസ്താവന നടത്താൻ മന്ത്രിമാർക്ക് അവകാശമുണ്ടോ ;

(ഡി) ജഡ്ജിക്കെതിരെ ഇപ്രകാരം പരാമർശം നടത്തിയതിന് സംസ്ഥാന പോലീസ് സ്വീകരിക്കേണ്ടിയിരുന്ന നടപടികൾ എന്തായിരുന്നു ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫേസ്ബുക്കിൽ പോസ്റ്റ് ഇട്ടതിന്റെ പേരിൽ 352 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി-ഡി) ഇത് സംബന്ധിച്ച് കേസ് ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പോസ്റ്റുകൾ നിയമപരമായി കുറ്റകരമാകുമ്പോൾമാത്രമേ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുള്ളൂ. നിയമാനുസരണം കുറ്റകരമല്ലാത്ത കാര്യങ്ങളിൽ പോലീസ് നടപടിയെടുക്കാറില്ല.

മൈക്രോഫിനാൻസ് തട്ടിപ്പും അന്വേഷണവും

279 (289) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈക്രോ ഫിനാൻസ് സംബന്ധിച്ച തട്ടിപ്പുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച പരാതികൾ എന്തെല്ലാമാണ്;ലഭിച്ച പരാതികൾ എല്ലാം അന്വേഷണ ഏജൻസിയ്ക്ക് കൈമാറിയിട്ടുണ്ടോ ;

(ബി) ആർക്കെല്ലാം എതിരായിട്ടാണ് പരാതി ലഭിച്ചിരിക്കുന്നത് ; സി ആന്റ് എ.ജി.യുടെ കണ്ടെത്തലുകൾ എന്തായിരുന്നു; അതും അന്വേഷണവിധേയമാക്കിയിട്ടുണ്ടോ ;

(സി) അന്വേഷണ സംഘം വിശ്വാസവഞ്ചനയും കൊള്ളയും നടത്തിയ ആരെയെല്ലാം അറസ്റ്റുചെയ്ത് തെളിവെടുപ്പ് നടത്തുകയുണ്ടായി ;

(ഡി) അധിക പലിശ ഈടാക്കി വഞ്ചിക്കപ്പെട്ട എത്ര പേരുടെ പരാതികൾ ലഭിച്ചു ; എത്ര കേസ്സുകൾ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) മൈക്രോഫിനാൻസുമായി ബന്ധപ്പെട്ട് 37 പരാതികൾ ലഭിച്ചിട്ടുണ്ട്. ടി പരാതികളിൽ ഷെഡ്യൂൾഡ്/ദേശസാൽകൃത ബാങ്കുകൾ, പിന്നോക്ക വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ സ്വീകരിച്ച് കൂടിയ പലിശയ്ക്ക് അംഗങ്ങൾക്ക് വിതരണംചെയ്യ എന്നതാണ് പരാതികൾ. പ്രസ്തുത പരാതികളെല്ലാം അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്.

(ബി) എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ വിവിധ ജില്ലകളിലെ എസ്.എൻ.ഡി.പി. ശാഖ യൂണിയൻ ഭാരവാഹികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെതിരെയാണ് പ്രസ്തുത പരാതികളിൽ ആരോപണം ഉന്നയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly